LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തികപ്രതിസന്ധിമൂലം അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ ഉടമകളെ 2003-2004, 2004-2005 വർഷങ്ങളിലെ പ്ലാന്റേഷൻ ടാക്സിൽനിന്നും അഗ്രികൾച്ചറൽ ഇൻകം ടാക്സിൽനിന്നും ഒഴുവാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ, തുറന്നു പ്രവർത്തിക്കുന്ന തോട്ടങ്ങളിലെ കുടിശ്ശികയായിട്ടുള്ള വൈദ്യുതി ചാർജ്ജ് തവണകളായി അടയ്ക്കുന്നതിന് തോട്ടമുടമകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

തൊഴിൽ വകുപ്പിലെ ഒഴിവുകൾ

46 [508] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുവാനുണ്ട്;

(ബി) അസിസ്റ്റന്റ് ലേബർ ആഫീസർ തസ്തികയിൽ പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനത്തിന് എത്ര ഒഴിവുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്?

ഉത്തരം

(എ) പന്ത്രണ്ട് ഒഴിവുകൾ.

(ജോയിന്റ് ലേബർ കമ്മീഷണർ, ഡെപ്യൂട്ടി ലേബർ കമ്മീഷണർ, ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ എന്നീ തസ്തികയിൽ ഒരൊഴിവു വീതവും, ജൂനിയർ സൂപ്രണ്ട് തസ്തികയിൽ മൂന്ന് ഒഴിവുകളും, ജില്ലാ ലേബറാഫീസർ തസ്തികയിൽ ആറ് ഒഴിവുകളും നിലവിലുണ്ട്).

(ബി) രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് ലേബറാഫീസർ തസ്തികയിൽ നേരിട്ടുള്ള നിയമനത്തിന് 8 പേരുടെ ഒഴിവ് ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്തതനുസരിച്ചാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ടി തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചത്. പിന്നീട് നിലവിൽവന്ന ഒഴിവുകൾ ഉൾപ്പെടെ നേരിട്ടുള്ള നിയമനത്തിനായി ഇപ്പോൾ 21 ഒഴിവുകൾ ഉണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർ

47 [509] *ശ്രീ. എ. കെ. ബാലൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആകെ എത്രപേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) അതിൽ മെഡിക്കൽ, എഞ്ചിനീയറിംഗ്, ബിരുദാനന്തര ബിരുദധാരികൾ, ബിരുദക്കാർ, എസ്.എസ്.എൽ.സി. പാസ്സായവർ, എസ്.എസ്.എൽ.സി. തോറ്റവർ, മറ്റു വിഭാഗക്കാർ എന്നിവർ എത്രവീതമുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർ പുതുതായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) എത്ര പേർ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നുണ്ട്;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 3,723,836 പേർ.

(ബി)

1.	മെഡിക്കൽ	:	3,929
2.	എഞ്ചിനീയറിംഗ്	:	9,395
3.	ബിരുദാനന്തര ബിരുദധാരികൾ	:	59,282
4.	ബിരുദക്കാർ (മെഡിക്കൽ, എഞ്ചിനീയറിംഗ് വിഭാഗക്കാർ ഒഴികെ)	:	223,805
5.	എസ്.എസ്.എൽ.സി.	:	2,209,667
6.	എസ്.എസ്.എൽ.സി. തോറ്റവർ	:	662,439
7.	മറ്റ് വിഭാഗക്കാർ		
	(i) ഇല്ലിറ്ററേറ്റ്	:	586
	(ii) ഇന്റർമീഡിയറ്റ്	:	554,733
	ആകെ	:	3,723,836

(സി) 5/2001 മുതൽ 3/2005 വരെ 1,578,983 പേർ.

(ഡി) 387,370 പേർ.

(ഇ) 5/2001 മുതൽ 3/2005 വരെ 43,595 പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്.

തൊഴിൽരഹിതരുടെ രജിസ്ട്രേഷൻ സീനിയോറിട്ടി പുനഃസ്ഥാപിക്കാൻ നടപടി

18 [510] *ശ്രീ. കെ. എൻ. രാജൻബാബു:*

,, *കെ. കെ. ഷാജു:*

,, *ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly